• അനുഭവം

**2008 ഏപ്രിൽ 8 മുതൽ 12 വരെ പ്ലാച്ചിമടയിൽ കുട്ടികൾക്കായി നടന്ന 'നവോന്മേഷണം' കൂട്ടായ്മയിൽ പങ്കുചേരാൻ എത്തിയ ഡോ. സി.ആർ. രാജഗോപാൽ കുട്ടികളോടൊത്തുള്ള ആവേശം പകർന്ന അനുഭവങ്ങളും പ്ലാച്ചിമടയുടെ സ്ഥലനാമ ചരിത്ര അന്വേഷണങ്ങളും പങ്കുവെയ്ക്കുന്നു.**

# നവോന്മേഷണവും പ്ലാച്ചുമടയും

ഡോ. സി.ആർ. രാജഗോപാലൻ

കൊക്കക്കോളയെന്ന ആഗോളഭീമന്റെ തലയറ്റുവീണ പ്ലാച്ചിമടയിൽ മറ്റൊരു ചരിത്രം കൂടി എഴുതപ്പെടുകയാണ്. ഇത്തവണ കുട്ടികളാണ് അതിന് നേതൃത്വം കൊടുക്കുന്നത്. കൃഷി വെള്ളത്തിന് വേണ്ടി പോരാടുന്ന പ്ലാച്ചിമടയിലെ ആദിമനിവാസികൾക്ക് ആവേശം പകർന്നുകൊണ്ട് പ്ലാച്ചിമട സമരപ്പന്തലിൽ ഈ അവധിക്കാലത്ത് ഏപ്രിൽ 8 മുതൽ 12 വരെ 'നവോന്മേഷണം' എന്ന പേരിൽ കുട്ടികളുടെ ഒത്തുകൂടൽ നടന്നു. പാട്ടും കളികളും ജൈവവൈവിധ്യാന്വേഷണങ്ങളും അതിരപ്പിള്ളി സമരപ്പന്തലിലേയ്ക്കുള്ള യാത്രകളും വാഴച്ചാൽ പ്രകൃതിയിലേക്കുള്ള യാത്രകളുമായി അഞ്ചു ദിവസം ഒരു ഉണർവു നേടിയെടുക്കുകയായിരുന്നു.

തമിഴ്-മലയാള സംസ്ക്കാരത്തിന്റെ കാഴ്ചകളും വാമൊഴിവഴക്കങ്ങളും നിറഞ്ഞ പ്ലാച്ചിമടയുടെ പ്രാചീനസംസ്കൃതിയെ അറിയാനുള്ള അവസരം. ഈ മണ്ണിൽ ഇനിയും ജീവിക്കേണ്ടി വരുന്ന പുതിയ തലമുറകളുടെ പ്രശ്നങ്ങൾ തൊട്ടറിയാനുള്ള സന്ദർഭം. നിശ്ചയദാർഢ്യമുള്ള ഒരു ജനതയുടെ പോരാട്ടത്തിന്റെ നാളുകളിലൂടെ കടന്നുപോയ അനുഭവങ്ങൾ പേറിയ കുട്ടികൾ. വൻകിട പ്രസ്ഥാനങ്ങളുടെ സഹായമില്ലാതെത്തന്നെ, പരിമിത സാഹചര്യങ്ങളിൽ കഴിഞ്ഞുകൂടുന്ന നിഷ്ക്കളങ്കമായ ഒരു ജനതയുടെ അണപൊട്ടിയൊഴുകുന്ന നിമിഷങ്ങൾ. എല്ലാവർക്കും പറയാനുണ്ട് സമരസാക്ഷ്യകഥകൾ. ചോളവും, തൊവരയും ചെറുമണിയും കൃഷിചെയ്യുന്ന കൊച്ചുകൊച്ചു വയലുകൾ നിറഞ്ഞ ഗ്രാമങ്ങൾ. വണ്ടിത്താവളത്തിനും ചിറ്റൂരിനുമിടയിലൂടെ കടന്നുപോകുന്ന തോടുകൾ, ഏരികൾ ഉയർന്നു നിൽക്കുന്ന പാതകൾ. ഒരു കാലത്ത് പ്ലാശ്മരത്തിന്റെ കാടുണ്ടായിരുന്ന പ്ലാച്ചിമട. പറവകളും മീനുകളും നിറഞ്ഞയിടങ്ങൾ. ആട്ടിടയന്മാരുടെ കൂട്ടങ്ങൾ പ്രാചീന വയലുകൾ സഞ്ചരിക്കുന്നു. ബിൽ തൊഴുത്തും ചാണകവും വൈക്കോൽ കൂനകളും നിറഞ്ഞ ഈ ഗ്രാമം വളർത്തുമൃഗങ്ങളെ സ്നേഹിച്ചിരുന്നു. തൊടികളിലും കാവുകളിലും നിറയെ നാട്ടുപഴങ്ങൾ, ചെറുകുന്നുകളിലും വയലുകളിലും ഔഷധസസ്യങ്ങൾ. രാവിലെ അശോകനുമൊന്നിച്ചാണ് ക്യാംപിൽ എത്തിച്ചേർന്നത്. സ്വന്തം ദേശത്തിന്റെ ജൈവിക സമ്പത്തിനെക്കുറിച്ചാണ് പറഞ്ഞുതുടങ്ങിയത്. അത് പിന്നെ നാടൻ പാട്ടുകളും കളികളും കടങ്കഥകളുമായി മുന്നോട്ടുപോയി. ആവാസവ്യവസ്ഥയിൽ നിന്ന് അറിവ് നേടാനുള്ള കഴിവ് സ്വാഭാവികമായി കുട്ടികൾക്കുണ്ട്. അതിനെ സഹായിക്കുന്നതിനു പകരം ആധുനിക വിദ്യാഭ്യാസം ഒരു ഭീതിദമായ ജയിൽ സേവനമായി മാറുമ്പോൾ, സ്വതന്ത്രമായി ജ്ഞാനം നേടുന്ന ബാല്യത്തെക്കുറിച്ച് അന്വേഷിക്കേണ്ടതാണ്. കുട്ടികൾ അവരുടെ ഊരിലേയും പരിസരത്തിലേയും നെൽവിത്തുകൾ , നാട്ടുപഴങ്ങൾ, പറവകൾ, മീനുകൾ, നാട്ടുപാനീയങ്ങൾ, കുളങ്ങൾ തോടുകൾ, നാടൻകളികൾ

എന്നിവരുടെ പേരുകളും ഗുണങ്ങളും മറ്റും തമിഴിലും മലയാളത്തിലുമായി അവർ കൂട്ടം ചേർന്ന് ആലോചിച്ച് എഴുതി അവതരിപ്പിച്ചു, നഗരത്തിലെ വിദ്യാലയങ്ങളിലെപ്പോലെ നാണംകുണുങ്ങികളാകാതെ. ഇതിനോടനുബന്ധമായി വരുന്ന നാടൻപാട്ടുകൾ അവർക്ക് ചൊല്ലിക്കൊടുത്ത് പ്രകൃതി വിഭവപരിസരങ്ങൾക്കു സംഭവിക്കുന്ന മാറ്റങ്ങൾ കുട്ടികൾ നേരിട്ടറിയുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകൾ വറ്റിപ്പോകുമ്പോൾ പ്രകൃതിക്കുണ്ടായ, അതുവഴി ആരോഗ്യത്തിനുണ്ടായ നാശങ്ങൾ അവർ നേരിട്ടറിഞ്ഞവരാണ്.

മണ്ണിനടിയിൽ പല തട്ടുകളിലായി ഭൂഗർഭജലം ഉണ്ടായിരുന്നു. പഴമക്കാർ ഇതിനൊക്കെ പേരിട്ടിരുന്നു. റിമോട്ട് സെൻസിങ്ങ് അറിയാത്തന്നെ ഭൂപ്രകൃതിയുടെ ഈ വർത്തമാനത്തെക്കുറിച്ചറിഞ്ഞവർ വയലുകളിൽ പലതരം കൃഷി നടത്തിയിരുന്നു. കുളങ്ങളും കിണറുകളും സംരക്ഷിച്ചിരുന്നു. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി ഭൂഗർഭജലശോഷണം നടക്കുന്നതായി തിരിച്ചറിഞ്ഞതോടെ പ്ലാച്ചിമടക്കാർ ഉണരുകയായിരുന്നു. എട്ടോളം വരുന്ന (കൃത്യമായി എത്രയെന്ന് ആർക്കുമറിഞ്ഞുകൂടാ) കുഴൽ കിണർ വഴി കൊക്കക്കോളക്കമ്പനി കുടിവെള്ളം ഊറ്റിക്കുടിച്ച് കുപ്പികൾ വിറ്റഴിച്ചു ലാഭം കൊയ്തു. കൂടാതെ ഖരമാലിന്യങ്ങൾ കൊണ്ട് അവശേഷിക്കുന്ന ജലം മലിനമാകുകയും ചെയ്തു. ഈയവസ്ഥയിൽ ഗ്രാമീണരുടെ ആരോഗ്യം വീണ്ടെടുപ്പാനായി പ്രവർത്തിക്കേണ്ടിരിക്കുന്നു. വേനൽക്കാലത്ത് ശരീരത്തിൽ ജലാംശം നിലനിർത്തുന്നതിനും ഉള്ള ജലം ശുദ്ധീകരിക്കുന്നതിനുമുള്ള തയ്യാറെടുപ്പുകൾ ചെയ്യേണ്ടതുണ്ട്. നാട്ടുപാനീയങ്ങളുടെ പ്രസക്തി അവിടെയാണ്. ക്യാമ്പിൽ ചുക്കുകാപ്പിയും സംഭാരവും വിളമ്പിയിരുന്നു. തണ്ണിപ്പാട്ട്, നാട്ടുഭക്ഷണപ്പാട്ട്, തകരപ്പാട്ട്, വിത്തുപാട്ട്, തുടങ്ങി ജൈവവൈവിധ്യ റജിസ്ട്രർ ഉൾക്കൊന്ന നാടൻപാട്ടുകൾ കുട്ടികൾ ഏറ്റുചൊല്ലി. കൂട്ടായ്മയുടെ പൊരുൾ ഉൾക്കൊള്ളുന്ന താളങ്ങളും വായ്ത്താരികളും ഏറ്റുവാങ്ങി. തുടർന്ന് ഊരിലേക്കുള്ള നടത്തമായിരുന്നു. പ്ലാച്ചിമട കമ്പനിക്കടുത്തുള്ള ഊരിലെ ഒരു തണൽ പറമ്പിൽ കുട്ടികൾ ഒത്തുകൂടി മയിലാട്ടം എന്ന ആട്ടം പഠിച്ചു. കുട്ടികൾ മൂന്നുവട്ടങ്ങളായി നിന്ന് കൈകോർത്തുള്ള തള്ളമയിലിന്റേയും പിള്ള മയിലിന്റേയും ആട്ടമാടി. പറമ്പിലെ ഒരു പനയോലപ്പുരയിൽ ഒരെരുമ അയവിറക്കുന്നുണ്ടായിരുന്നു. ആട്ടിടയൻ ഒരു പറ്റം ആട്ടിൽകുട്ടികളുമായി അതുവഴി കടന്നുപോയി. തുടർന്ന് ഗ്രൂപ്പായി ചേർന്ന് കടങ്കഥ മത്സരം നടന്നു. തമിഴ്കൂട്ടവും മലയാക്കൂട്ടവും. കടംകഥകൾ ചുറ്റുപാടുകളെ സ്വാംശീകരിച്ച അറിവിന്റെ ഖനിയായിരുന്നു. കുട്ടികളുടെ ഓർമ്മശക്തിയും ആലോചനാപാടവവും രംഗസാമർത്ഥ്യവും ഉഷാറായത് ഈ കടങ്കഥയരങ്ങിലായിരുന്നു. അത് താളാത്മകമായി, ഗ്രൂപ്പിന്റെ മത്സരബോധത്തോടെ അവതരിപ്പിച്ചു. തുടർന്ന് പറമ്പിക്കുളത്തെ ഒരു ഗോത്രകഥ പഞ്ഞുകൊടുത്തു. ഒരു കാലത്ത് കാട്ടിലെ മനുഷ്യരും മൃഗങ്ങളും ഒരു കുടുംബം പോലെ കഴിഞ്ഞുവന്ന കാലത്തെ കഥ. ആന അവർക്ക് കാട്ടുപഴങ്ങൾ കൊടുത്തിരുന്നു. കരടി പലതരം തേനുകൾ എത്തിച്ചുകൊടുത്തിരുന്നു. കാട്ടുപോത്താകട്ടെ കാട്ടുനെല്ലാണ് ചൊരിഞ്ഞിരുന്നത്. എന്നാൽ പിന്നീട് മനുഷ്യന്റെ ആർത്തിമൂലം ഈ മൃഗങ്ങളൊക്കെ മനുഷ്യരെ വിട്ട് ഉൾക്കാടുകളിൽപോയത്രെ. നെല്ല് ചോറായി കിട്ടാനുള്ള മോഹം, പഴങ്ങൾ എപ്പോഴും കിട്ടാനുള്ള ആർത്തി, തേനട എപ്പോഴും കിട്ടാനുള്ള ആഗ്രഹം മൃഗങ്ങളെ മനുഷ്യരുടെ ശത്രുവാക്കി മാറ്റി. ഈ കഥപറച്ചിലും കഴിഞ്ഞ് വീണ്ടും പ്ലാച്ചിമട സമരപ്പന്തലിലേക്ക് ഉച്ചയുണ്ണിന്.



നവോന്മേഷണം കൂട്ടായ്മയിൽ പങ്കെടുത്ത കുട്ടികൾ അതിരപ്പിള്ളി സന്ദർശിച്ചപ്പോൾ

പ്ലാച്ചിമടയിലെ മറ്റൊരു സമരനായകൻ ഷാഹുൽ ഹമീദും അവിടെ എത്തിച്ചേർന്നു. ഏതാനും സമയം അദ്ദേഹം കുട്ടികളോട് ആ പ്രദേശത്തിന്റെ പരിസ്ഥിതി ചരിത്രം പറഞ്ഞു. ഗ്രാമീണമൊഴികൾക്ക് വ്യക്തതയും കൃത്യതയുമുണ്ടോ? പരിസരവാസികൾ ഓരോരുത്തരും, കമ്പനിയുടെ ചൂഷണത്തെപ്പറ്റി പറയുമ്പോൾ, അവരുടെ സമകാലികാവസ്ഥയെപ്പറ്റി പ്രതികരിക്കുമ്പോൾ അവർക്കൊരു ആശയകാലുഷ്യവും ഉണ്ടായിരുന്നില്ല. കുടിവെള്ളമാണ് പ്രധാനം, കൃഷിവെള്ളമാണ് നമുക്കുവേണ്ടത്. പുഴകളും കാടുകളും സ്വകാര്യസ്വത്തല്ല. ഇവയൊക്കെയുണ്ടെങ്കിലേ നിലനിൽപ്പുള്ളൂ. ജലചൂഷണത്തിന് ഒത്താശ നൽകുന്നവർ അധികാരവ്യവസ്ഥയുടെ ദല്ലാളുമാരാണ്. ഭൂരിപക്ഷം വരുന്ന തദ്ദേശവാസികളുടെ നെഞ്ചിൽ സ്ഥാപിച്ചിരിക്കുന്ന ഈ ഭീകരൻ നമുക്കുവേണ്ട ഓലകൊണ്ടുമേഞ്ഞ പ്ലാച്ചിമട സമരപ്പന്തൽ വീണ്ടും പ്രതീകമാകുകയാണ്; പ്രകൃതിവിഭവങ്ങളുടെ പരമാധികാരം തദ്ദേശജനതയ്ക്കാണ് കുട്ടികൾ ഏറ്റുപറയുന്നു.

• • •